

മാതൃഭൂമി

THE NATIONAL DAILY IN MALAYALAM, PUBLISHED FROM CALICUT, COCHIN AND TRIVANDRUM

പുസ്തകം 62 ലക്കം 255 Calicut, Wednesday, December 5, 1984—കോഴിക്കോട് 1984 ഡിസംബർ 5 ബുധൻ പേജ് 8 വില 70 പൈസ

വിഷവാതക മരണം 1200

ഭോപ്പാൽ: വിഷവാതകം ശ്വസിച്ച് മരിച്ചവർ 1200 ൽ കുറയില്ലെന്നാണ് തങ്ങൾ നടത്തിയ അന്വേഷണത്തിൽ മനസ്സിലായതെന്ന് യു.എൻ.ഐ. റിപ്പോർട്ട് ചെയ്യുന്നു. 546 പേർ മരിച്ചുവെന്നാണ് ഔദ്യോഗിക കണക്ക്. ഇരുപതിനായിരത്തോളം പേർ ആസ്പത്രിയിലാണ്.

ജലധാര ഉപയോഗിച്ചു തക്കസമയത്ത് നിയന്ത്രിച്ചിരുന്നുവെങ്കിൽ ആാംനാശം ഇത്രയേറെയാവില്ലായിരുന്നുവെന്ന് ദൽഹിയിൽനിന്നെത്തിയ രാസവസ്തു വിദഗ്ദ്ധൻ പറഞ്ഞു.

തല കറക്കവും ഛർദ്ദിയും, നെഞ്ചുവേദനയുമായെത്തുന്നരോഗികളെക്കൊണ്ട് ഡോക്ടർമാർ വീർപ്പു മുട്ടുകയാണ്. അഞ്ഞൂറ് മരണം ഹാമീഡിയ ആശുപത്രി മോർച്ചറിയിൽ മാത്രം രേഖപ്പെടുത്തിയിട്ടുണ്ട്. റെയിൽവെ സ്റ്റേഷനിലും പരിസരത്തുമായി മരിച്ചവീണ നൂറ് കണക്കിന്നു പേർ ഇതിലുൾപ്പെടുന്നില്ല. മോർച്ചറി മൃതദേഹങ്ങൾ കൊണ്ട് നിറഞ്ഞിരിക്കുന്നു.

പരിഹാര നടപടികൾ കൈകൊള്ളാൻ അലംഭാവം കാണിച്ചതാണ് അപകടത്തിന്ന് ഇത്ര രൂക്ഷതയുണ്ടാക്കിയത്. നഗരമാകെ വിഷവാതകം വ്യാപിച്ച കഴിഞ്ഞ ശേഷമാണ്, പരിഹാര നടപടികൾ ആരംഭിച്ചത് എന്നദ്ദേഹം പറഞ്ഞു. മീതെയിൽ ഐസോസൈനൈഡിനോടൊപ്പം, അതിനേക്കാൾ മാരകവാതകമായ ഫോസ്ജീനും ചോർന്നിട്ടുണ്ടെന്നു് വിദഗ്ദ്ധർ അറിയിച്ചു.

വാതക ചോർച്ചക്കുള്ള കാരണം കണ്ടെത്താൻ ഒരു സംഘം വിദഗ്ദ്ധർ ദൽഹിയിൽനിന്ന് ഭോപ്പാലിലെത്തി. ഇവർ ബുധനാഴ്ച റിപ്പോർട്ട് സമർപ്പിക്കും. അന്തരീക്ഷ മലിനീകരണത്തിന്റെ വ്യാപ്തിയെ കുറിച്ച് പഠിക്കാനും ഒരു സംഘം വിദഗ്ദ്ധർ സ്ഥലത്തെത്തും.

പ്രധാനമന്ത്രി ഭോപ്പാലിൽ

വിഷവാതക അത്യാഹിതത്തെ കുറിച്ച് നേരിട്ട് മനസ്സിലാക്കാൻ പ്രധാനമന്ത്രി രാജീവ് ഗാന്ധി ഭോപ്പാലിലെത്തി. അദ്ദേഹം യൂണിയൻ കാർബൈഡ് ഫാക്ടറി സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ പരിസരം സന്ദർശിച്ചു.

ശ്രദ്ധിക്കുന്നില്ല

ദൽഹി ലേഖകൻ തുടരുന്നു: ബഹുരാഷ്ട്ര കുത്തക കമ്പനിയായ യൂണിയൻ കാർബൈഡ് അന്തരീക്ഷ മലിനീകരണം തടയുന്നതിൽ, പല നിലവാരമാണ് പാലിക്കുന്നത്. നൂറ് കണക്കിന്ന് പേരുടെ മരണത്തിനും ആയിരക്കണക്കിന്നു പേരെ നിത്യരോഗികളാക്കി മാറ്റിയതിന്നും പൂർണ്ണ ഉത്തരവാദികളായ അവർ അമേരിക്കയിൽ വളരെ ഫലപ്രദമായ രക്ഷാ സന്നാഹങ്ങൾ ഏർപ്പെടുത്തുമ്പോൾ, മൂന്നാം ലോക രാഷ്ട്രങ്ങളിൽ ഇതു് തീരെ പാലിക്കാൻ ശ്രദ്ധിക്കുന്നില്ല.

അമേരിക്കയിൽ ഈ രക്ഷാ ഏർപ്പാടുകളുടെ കനത്ത ചെലവു് നിമിത്തം, പല ബഹുരാഷ്ട്ര കുത്തകകളും, ഇത്തരം രാസവസ്തുക്കളുടെ നിർമ്മാണം മൂന്നാം ലോക രാഷ്ട്രങ്ങളിലേക്ക് പറിച്ചു നടുകയാണ്.

മൂന്നാം ലോകരാഷ്ട്രങ്ങളെ മാലിന്യങ്ങളുടെ താവളമാക്കി മാറ്റാൻ ബഹുരാഷ്ട്ര കുത്തക സ്ഥാപനങ്ങൾ ശ്രമിക്കുന്നതായി പരിസര ശാസ്ത്ര വിദഗ്ദ്ധനായ കെൻ സിൽവർ ആരോപിക്കുകയുണ്ടായി! വ്യവസായികം മാത്രമല്ല, അമേരിക്കൻ ഗവർമ്മേണ്ടും ഇങ്ങനെ രണ്ടു നിലവാരം കൈക്കൊള്ളാൻ പ്രോത്സാഹനം നൽകുന്നുവെന്ന് അദ്ദേഹം ആരോപിച്ചു.

അമേരിക്കൻ നിയമങ്ങൾ അമേരിക്കക്കു മാത്രം ബാധകമായവയാണെന്നും, വിദേശ ഗവർമ്മേണ്ടുകൾ അവർക്കാവശ്യമായ രീതിയിൽ നിയമനിർമ്മാണം നടത്തണമെന്നുമാണ് റീഗൻ ഭരണകൂടത്തിന്റെ നിലപാട്.

ജോർദ്ദാൻ നയതന്ത്രജ്ഞൻ വെടിയേറ്റുമരിച്ചു

വിയന്ന: ഒരുയർന്ന ജോർദ്ദാൻ നയതന്ത്രജ്ഞൻ ചെവ്വാഴ്ച, ബുക്കാറസ്റ്റിൽ വെടിയേറ്റു മരിച്ചതായി അധികൃതർ വെളിപ്പെടുത്തി, മാനസിക രോഗിയായ ഒരു പലസ്തീൻ വിദ്യാർത്ഥിയെ ഇതു സംബന്ധിച്ച് അറസ്റ്റ് ചെയ്തിട്ടുണ്ട്.

അസ്രി അൽ മഹ്തി എന്ന നയതന്ത്രജ്ഞനെ അദ്ദേഹത്തിന്റെ താമസസ്ഥലത്തുള്ള കാർപാർക്കിൽ വെച്ചാണ് വെടിവെച്ചത്.

മനസ്സും ശരീരവും മരവിപ്പിച്ച ഭീകര രംഗങ്ങൾ

വി. രാജഗോപാൽ

ഭോപ്പാൽ: മോർച്ചറികളിൽ ഒതുങ്ങാത്ത ആസ്പത്രി വളപ്പുകളിൽ നിരത്തിയിട്ട ശവശരീരങ്ങൾ, മരണമായി മല്ലടിക്കുന്നവരുമായി ഇപ്പോൾ ആസ്പത്രികളിലേക്ക് നീങ്ങുന്ന ട്രക്കുകൾ. ടെമ്പോകളും ആസ്പത്രി വളപ്പുകളിൽ പെട്ടുന്നയർത്തിയ കൂടാരങ്ങളിൽ കണ്ടപോളകം തുറക്കാനാവാതെ കിടയ്ക്കുന്ന ആയിരങ്ങൾ. മനുഷ്യരാശിയെ മുഴുവൻ നടുക്കുന്ന വിഷവായു ദുരന്തത്തിൽ വിറങ്ങലിച്ചു നിൽക്കുന്ന ഭോപ്പാലിന്റെ മുഖം ഇപ്പോൾ ഭീകരമാണ്. വിവരിക്കാൻ വാക്കുകളില്ല, മനസ്സും ശരീരവും ഒരുപോലെ ഇവിടെ മരവിക്കുന്നു.

വിദേശികളടക്കം ഒരു കൂട്ടം പത്രലേഖകരോടൊപ്പം ആദ്യത്തെ ദൽഹി ഫ്ലൈറ്ററിന്ന് ഗ്വാളിയോർ വഴി വന്നിറങ്ങിയപ്പോൾ തന്നെ വെറുങ്ങലിച്ചു നിൽക്കുന്ന ഭോപ്പാലിന്റെ ചിത്രം കിട്ടി. പിന്നീടറിഞ്ഞു, ആസ്പത്രികളിലുള്ള വിഷവായുവിന്റെ ആസ്ഥാനമായ യൂണിയൻ കാർബൈഡ് ഫാക്ടറി നിൽക്കുന്ന ഗ്രാമങ്ങളിലെ കാറ്റിലൂടെ കടന്നുകയിയ്ത്ത മരണത്തെ ആട്ടിപ്പേടിച്ചവർ അഞ്ഞൂറോ ആയിരമോ അല്ലെന്ന്, ആസ്പത്രികളിൽ എത്തുന്നവർ പറഞ്ഞതിനായിരങ്ങളാണെന്ന്, വിഷവായുവിന്നിട്ടു ലക്ഷം പേരെയെങ്കിലും ബാധിച്ചിട്ടുണ്ടെന്ന്.

തിരിച്ചറിയാത്ത ശവങ്ങളാണ് ഏറെ. അവരിൽ പിഞ്ചു പൈതങ്ങളാണ് കൂടുതൽ. പ്രായം ചെന്നവരും കുറവല്ല. തിരിച്ചറിഞ്ഞ ശവങ്ങളുമായി ശ്മശാനങ്ങളിലേക്കും സെമിത്തേരികളിലേക്കും പള്ളിപ്പറമ്പുകളിലേക്കും നീങ്ങുന്ന കൊച്ചു കൊച്ചു സംഘങ്ങൾ ഭോപ്പാൽ വീഥികളിൽ സാധാരണ കാഴ്ചയായി മാറിയിരിക്കുന്നു. ഉറ്റവരെ നഷ്ടപ്പെട്ട പാവപ്പെട്ടവരുടെ ദീനരോദനങ്ങളാണ് എവിടേയും. ഗാന്ധിസ്മാരക മെഡിക്കൽ കോളേജിനോടനുബന്ധിച്ച ഹമീദിയ ആസ്പത്രിയിലാണ് ഏറ്റവും വലിയ തിരക്ക്. ഉത്തരത്തിന്നിരയായവരെ സഹായിക്കാൻ, അവക്ക് ഭക്ഷണവും ചികിത്സാ സൗകര്യങ്ങളും ഏത്തിക്കാൻ സേവന സംഘടനകളും കോളേജ് വിദ്യാർത്ഥികളും സജീവമായി രംഗത്തുണ്ട്. ഉച്ചഭാഷിണിയിലൂടെ നിരന്തരം നിർദ്ദേശങ്ങൾ നൽകുന്നതോടൊപ്പം തന്നെ ''പൊലീസ് കണ്ണീർ വാതകം പ്രയോഗിക്കുന്ന അനുഭവം'' യൂനിയൻ കാർബൈഡ് കമ്പനിയിൽ നിന്നും 12 കിലോമീറ്റർ അകലെ ടി. ടി. നഗറിൽ താമസിക്കുന്ന സെക്രട്ടേറിയേറ്റ് ഉദ്യോഗസ്ഥനായ തിരുവല്ല മുണ്ടപ്പള്ളിക്കാരൻ ഇ. ടി. മത്തായിക്ക വിഷവായു അങ്ങിനെയാണ് അനുഭവപ്പെട്ടത്. കാറ്റിന്റെ ഗതി പെട്ടെന്നു മാറിയപ്പോൾ ഒരു വിധം രക്ഷപ്പെട്ടുവെന്നു മത്തായി പറഞ്ഞു.

വിഷവായു ഏററാൽ കണ്ണിൽ വെള്ളം നിറയും. പിന്നീട് കണ്ണു വീർക്കും. പോളകൾ തുറക്കാനാവില്ല. സാധാരണത്തിൽ കണ്ണു ചീഞ്ഞളിയുന്നതുപോലെ—ഇത്തരത്തിൽ പരസഹായത്തോടെനീങ്ങാൻകഴിയുന്നവരെകാണാൻ വിഷമമില്ല. ഇവരുടെ കാഴ്ചക്കണ്ണിനെന്തെ സംഭവിക്കുമെന്നു പറയാറായിട്ടില്ലെന്നാണ് ഇത്തരത്തിൽ ആയിരങ്ങളെ ശുശ്രൂഷിക്കുന്ന ഹമീദിയ ആസ്പത്രിയിലെ മലയാളിയായ നഴ്സ് അന്നമ്മാ തോമസ് പറയുന്നത്.

വിഷവായു ശ്വസിച്ചു കഴിഞ്ഞാൽ ആദ്യം ചുമക്കും. പിന്നീട് ഛർദ്ദിക്കും. ഒടുവിൽ ശ്വാസംമുട്ടലോടെ എല്ലാം അവസാനിക്കും. കഴിഞ്ഞ ദിവസത്തെ മരണങ്ങളും ഇങ്ങിനെയായിരുന്നു.

പെട്ടെന്നു പ്രഥമ ശുശ്രൂഷ കിട്ടിയ ചിലരെങ്കിലും രക്ഷപ്പെട്ടു. കാററിന്റെ ഗതിക്കനുസരിച്ചു രക്ഷപ്പെട്ട നിരവധി പേരുണ്ട്. അതേ സമയം ഷാജഹാൻ ബാദ്, രാംനഗർ, ജയപ്രകാശ് നഗർ നിഷത്പുര, ചോല, ശാസ്ത്രിനഗർ, തിലജമാൽപുര, ഇബ്രാഹിം ഗഞ്ച്, സിദ്ദി കോളണി എന്നിവിടങ്ങളിൽ അന്നു രാത്രി ഉറങ്ങി കിടന്ന പലരും പിന്നീട് എഴുന്നേററിട്ടേയില്ല.

വിഷവായു വാരുന്നുവെന്നു ഉച്ചഭാഷിണികളിൽ വിളിച്ചു പറഞ്ഞു കൊണ്ടു നീങ്ങിയ പൊലീസ് വാനുകളെ അനുസരിച്ചു എല്ലാം വിട്ടോടിയ പലരും വഴികളിൽ വീണു മരിച്ചു. ഇടക്കിടെ കണ്ടു മനുഷ്യശരീരങ്ങളോടൊപ്പം പശുക്കളും പോത്തുകളും കുതിരകളും ചത്തുകിടക്കുന്നതു സർവ്വത്ര കാണാമായിരുന്നു.

''രണ്ടു കുട്ടികൾ മരിച്ചു ഇതിനെയെങ്കിലും ഒന്നു രക്ഷിക്കുമോ''—ആറു മാസം പ്രായമായ ഒരു കൈ കുഞ്ഞിനെയും ഏന്തി വന്ന ഒരു പിതാവിന്റെ ദീനരോദനമായിരുന്നു അതു്. പക്ഷേ അതിന്നു കഴിഞ്ഞില്ല വൈകുന്നേരമായപ്പോഴേക്കും കുട്ടികളുടെ അമ്മയും ആ നിർഭാഗ്യവാനോടു വിടപറഞ്ഞു.

ഈ രംഗം കണ്ട ഹമിദിയ ആസ്പത്രിയിൽ ഏറെ പേർ നിസ്സഹായരായി നോക്കി നിൽക്കവെയാണ് ഗ്രസ്സ് ഈ ലോകത്തോടു വിടപറഞ്ഞതു്. ഛർദ്ദിച്ചു കൊണ്ടുതന്നെ തളർന്നു കഴിഞ്ഞ അമ്മ ആശ്വസിപ്പിക്കുന്നുണ്ടായിരുന്നു. പക്ഷേ ഗ്രസ്സ് എന്നെന്നേക്കുമായി മിഴികളടച്ചു. അമ്മ രക്ഷപ്പെടുകയും ചെയ്തു.

കോട്ടയത്തുകാരൻ യുവാവ് മരിച്ചു

കോട്ടയം: ഭോപ്പാലിലുണ്ടായ വിഷവാതക ദുരന്തത്തിൽ കോട്ടയം മുട്ടമ്പലം കല്ലുങ്കൽ കെ. കെ. ജോർജിന്റെ മകൻ കെ. ജോർജ് പുന്നൂസ് (19) മരണമടഞ്ഞു. മൃതദേഹം ഭോപ്പാൽ സെൻറ് തോമസ് ഓർത്തഡോക്സ് പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

ഭോപ്പാലിൽ വിഷവാതകച്ചോർച്ചയുണ്ടായ ഫാക്ടറിയുടെ ഒരു കിലോ മീററർ അകലെ ബ്രൈറ്റ് ലന്ന എന്ന സ്ഥലത്ത് ഗാർഡി എൻറർ പ്രൈസസ് എന്ന പേരിൽ ത്രെഡ് റബ്ബർ ബിസനസ്സ് നടത്തുന്ന ജ്യേഷ്ഠൻ ജോർജ് കോശിയെ സഹായിക്കാൻ ഏതാനും ആഴ്ചകൾക്ക് മുമ്പാണ് പുന്നൂസ് ഭോപ്പാലിലേക്ക് പോയതു്.

ജോലി കഴിഞ്ഞു ഇരുവരും കടയിൽ തന്നെയാണ് താമസം. ബിസിനസ്സ് സംബന്ധമായ കാര്യത്തിന്ന് ജ്യേഷ്ഠൻ കോശി ഒരുന്നം ഉണ്ടാകുമ്പോഠം ഭീലായിൽ പോയിരിക്കയായിരുന്നു. അതു കൊണ്ടാണ് അദ്ദേഹം രക്ഷപ്പെട്ടതു്. ഡിസംബർ 16—ാംനു പുന്നൂസ് കോട്ടയത്തേക്ക് പോരാൻ ടിക്കററ് റിസർവ്വ് ചെയ്തിരുന്നതാണ്.

അട്ടിമറിയാണോ എന്നന്വേഷിക്കും

വിഷവാതക ചോർച്ച അട്ടിമറിയാണോ എന്ന കാര്യം അന്വേഷണ വിധേയമാക്കുമെന്നും അപകടകരമായ വ്യവസായ യൂനിററുകൾ സ്ഥാപിക്കുന്നതു സംബന്ധിച്ച് ഗവർമ്മേണ്ട് പുതിയ നയങ്ങൾ ആവിഷ്ക്കരിക്കുമെന്നും പ്രധാനമന്ത്രി രാജീവ്ഗാന്ധി ഭോപ്പാലിൽ പ്രസ്താവിച്ചു. ദൽഹിയിൽ ഒരു പാചക വാതക പ്ലാൻറിന്ന് അപകടം സംഭവിച്ച കാര്യം കൂടി അനുസരിച്ചുകൊണ്ട്, ഇത്തരം വ്യവസായങ്ങൾ കഴിവതും നഗരപ്രാന്തങ്ങളിൽ നിന്ന് മാററി സ്ഥാപിക്കാൻ ശ്രമിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

സംഭവത്തെ കുറിച്ച് സി.ബി.ഐ. അന്വേഷണം നടത്തും.

അറസ്റ്റ് ചെയ്തു

രാജ്കോട്ട്: പ്രധാന മന്ത്രി രാജീവ്ഗാന്ധി പ്രസംഗിച്ചു കൊണ്ടിരുന്ന ഒരു തെരഞ്ഞെടുപ്പ് യോഗസ്ഥലത്തേക്ക് കത്തിയുമായി വന്ന ഒരാളെ പൊലീസ് ചൊവ്വാഴ്ച ഉച്ചതിരിഞ്ഞു അറസ്റ്റ് ചെയ്തു.

തെരഞ്ഞെടുപ്പുവിശേഷം

മസ്താന് മനംമാററം വന്നത് എങ്ങിനെ

ബോംബെ: ഹാജി മസ്താൻ ഒടുവിൽ മത്സരരംഗത്തുനിന്ന് പിന്മാറിയതിന്ന് കാരണമെന്തേ? ദലിത് മുസ്ലിം സുരക്ഷാ സംഘ് എന്ന പേരിൽ പുതിയ പാർട്ടി രൂപീകരിച്ച മുൻ കള്ളക്കടത്തുകാരനായ മസ്താൻ തെക്കൻ ബോംബെ മണ്ഡലത്തിലാണ് നാമനിർദ്ദേശ പത്രിക സമർപ്പിച്ചിരുന്നത്. ബോംബെ പ്രദേശ് കോൺഗ്രസ്സ് കമ്മിററി പ്രസിഡണ്ട് മുരളി ദിയോറയും ഇവിടെ കോൺഗ്രസ്സ് (ഐ) സ്ഥാനാർത്ഥി എന്ന് അറിഞ്ഞുകൊണ്ടു തന്നെ.

ഇപ്പോൾ പ്രമുഖകെട്ടിടനിർമ്മാതാക്കളിലൊരാളാണ്, മസ്താൻ. ബോംബെയിലെ കെട്ടിട നിർമ്മാണ ചട്ടങ്ങളെല്ലാം മറികടന്നുകൊണ്ടാണ് മുമ്പ് കള്ളക്കടത്തിലെന്ന പോലെ കെട്ടിടനിർമ്മാണരംഗത്തും തനിക്ക് കൂട്ടുള്ള യൂസഫ് പട്ടേലിനോടൊപ്പം തന്റെ പുതിയ രംഗത്തു പ്രവർത്തിക്കുന്നത്. ഇതു സംബന്ധിച്ച് ഒട്ടേറെ കേസ്സുകളുമുണ്ട് അദ്ദേഹത്തിനെതിരെ. ഇപ്പോൾ പറയുന്നത് ഈ കേസ്സുകളെ ചൊല്ലി മസ്താന് അസ്വസ്ഥതയുണ്ടാക്കുന്ന നടപടികൾ ഒന്നും അധികൃതരുടെ ഭാഗത്തുനിന്ന് ഉണ്ടാവുകയില്ല എന്ന ഉറപ്പിന്മേലാണ് അദ്ദേഹം സ്ഥാനാർത്ഥിത്വം പിൻവലിച്ചത് എന്നാണ്.

മുസ്ലിങ്ങളുടെ വോട്ട് കൂട്ടം കൂട്ടമായിത്തന്നെ നേടാൻ മസ്താനു കഴിയുമായിരുന്നത്രെ. എങ്കിൽ ഇവിടെ കോൺഗ്രസ്സ് (ഐ)ന്റെ നിലപാടുകളിലാവുകയും ചെയ്യുമായിരുന്നു.

പത്രം എടുത്തു പണം ഇടുക

ഇരിങ്ങാലക്കുട: പൊതു തിരഞ്ഞെടുപ്പ് പ്രമാണിച്ചു ജനങ്ങൾക്കു ചൂടുള്ള വാർത്തകൾ അറിയുന്നതിന്ന് താണാവിൽ ഒരു പത്രവില്പന കൗണ്ടർ തുറന്നു കാണുന്നു. ഏതാനും യുവാക്കളാണ് ഇതിന്നു നേതൃത്വം നൽകിയിട്ടുള്ളതു്.

ഫൂൾസ് പാരഡൈസ് എന്നെഴുതിയ ബോർഡിന്റെ താഴെ മേശമേൽ ദിനപത്രങ്ങളും വാരികകളും നിരത്തിയിട്ടുണ്ട്. പത്രമെടുത്തു അതിന്റെ വില ഒരു ട്രേററിൽ ഇടണമെന്നു മറെറാരു ബോർഡിൽ നിർദ്ദേശമുണ്ട്. പത്രം എടുത്തുകൊടുക്കുവാനും പണം വാങ്ങുവാനും അവിടെ ആളില്ല.

സമയം കളയാതിരിക്കാൻ

ഉഡുപ്പി: സ്വാഗതമില്ല, നന്ദിയില്ല, ഹാരാർപ്പണവുമില്ല—അഖിലേന്ത്യാ നേതാക്കളുടെ സമയം നഷ്ടപ്പെടാതിരിക്കാനാണ് കർണാടകയിൽ ജനതാ മുന്നണി ഈ അടവ് സ്വീകരിച്ചത്.

അഖിലേന്ത്യാ നേതാക്കൾ തിരഞ്ഞെടുപ്പ് പ്രചരണത്തിന്ന് എത്തുന്ന യോഗങ്ങളിൽ അവരുടെ പ്രസംഗം മാത്രം.

സർവത്ര ഇന്ദിരാ–രാജീവ് മയം

വി. കെ. മാധവൻകുട്ടി

അമേഠി: രാജീവ് ഗാന്ധി തന്റെ നിയോജകമണ്ഡലത്തിൽ ഇനിയും എത്തിയിട്ടില്ല. എങ്കിലും ഇവിടെ അദ്ദേഹത്തിന്റെ സാന്നിദ്ധ്യം അനുഭവപ്പെടുന്നു.

എങ്ങും രാജീവിനേക്കുറിച്ചും ഇന്ദിരാ ഗാന്ധിയേക്കുറിച്ചും ഉള്ള മുദ്രാവാക്യങ്ങളാണ്. പോസ്റ്ററുകളും ചുമരെഴുത്തുകളും എല്ലാം അതു തന്നെ. ഇവിടെ സഹോദര ഭാര്യ മേനക, രാജീവിനെതിരായി പ്രചരണം ആരംഭിച്ചിട്ടുണ്ട്. പക്ഷേ മററു നിയോജകമണ്ഡലങ്ങളിൽ നിന്നും വ്യത്യസ്തമാണ് അമേഠി. എല്ലാ പ്രതിപക്ഷ പാർട്ടികളുടേയും പിന്തുണയുണ്ട് മേനകക്ക്. പക്ഷെ എല്ലാവരുടെയും മനസ്സിൽ ഒരു കാര്യമുണ്ട്. ''ഇതു പ്രധാനമന്ത്രിയുടെ നിയോജകമണ്ഡലമല്ലേ'' എന്നു്. ആ തോന്നൽ രാജീവിന്നു മററെല്ലാത്തിനേക്കാളും കൂട്ടുനിൽക്കുന്നു.

അമേഠിയിലെ ഏതു ഭാഗത്തും കാണാവുന്ന പോസ്ററുകളും മുദ്രാവാക്യങ്ങളും നിങ്ങളുടെ ശ്രദ്ധ ആകർഷിക്കും. ''ഇന്ദിരാജി കേ യാദോം മേ, രാജീവ്ജി കീ സാഫ് മേം, മുഹർ ലഗേഗി ഹാത്ത് മേ'' (ഇന്ദിരയുടെ ഓർമ്മയിൽ, രാജീവിന്റെ കൂടെനിന്നു കൈപ്പത്തിയിൽ ഞങ്ങൾ മുദ്രകുത്തും). ''തർക്കി കി വാസ്തെ, രാജീവ്ജീ കാ രാസ്തേ (വികസനത്തിന്റെ മാററത്തിലെത്താൻ രാജീവിന്റെ മാർഗ്ഗം പിന്തുടരുക) ''ദാഹിനേ ഹാത്ത്, രാജീവ് കേ സാഫ്'' (വലതു കൈ രാജീവിന്റെ കൂടെ)'' ഇന്ദിരാജി കീ അന്തിം ഇച്ഛാ, ബ്ലഡ്, ബ്ലഡ്, ദേശ് ക്കി രക്ഷ'' (ഇന്ദിരയുടെ അവസാനത്തെ അഭിലാഷം, ഓരോ തുള്ളി രക്തവും രാജ്യത്തിന്നു്)—ഈ എഴുത്തുകളാണ് സന്ദർശകനെ സ്വീകരിക്കുന്നതു്. വോട്ടർമാരെ ആവേശം കൊള്ളിക്കുന്നതും.

രാജീവ്ഗാന്ധി

മേനക

കോൺഗ്രസ്സിന്റെ കയ്യിലായിരുന്നുവെങ്കിലും, പ്രായേണ ഉറങ്ങിക്കിടന്നിരുന്ന ഉത്തരപ്രദേശിലെ ഈ ഉപനാട്ടുകാർ ഇന്ന് 77ൽ സഞ്ജയ്ഗാന്ധി മൽസരിച്ചപ്പോഴാണ്. അന്ന് സഞ്ജയ്ഗാന്ധി തോററുവെങ്കിലും, 80ൽ ഇന്ദിരാതരംഗം ഇവിടെയും ആഞ്ഞു വീശി. 1,28,000 വോട്ടിന്റെ ഭൂരിപക്ഷത്തോടെ സഞ്ജയ് ജയിച്ചു. സഞ്ജയിന്റെ മരണശേഷം രാജീവിന്നും അത്രതന്നെ നല്ല ഭൂരിപക്ഷം കിട്ടി.

7 കൊല്ലം മുമ്പ് സഞ്ജയനു വേണ്ടി പ്രവർത്തിച്ച മേനകയാണ് ഇന്ന് രാജീവിന് എതിരായി നിൽക്കുന്നത്. കട്ടംബ വഴക്കിന്റെ കാര്യങ്ങളും മററും വച്ച് രാഷ്ട്രീയ മുതലെടുപ്പിന്ന് മുതിരുന്ന ഈ മുൻ 'മോഡ'ലിനെ സഹായിക്കാൻ ദേശീയ പ്രതിപക്ഷപാർട്ടികൾ പലതത്വങ്ങളും മറന്ന് മുന്നോട്ട് വന്നിട്ടുണ്ട്.

ഇന്ദിരാ ഗാന്ധിയുടെ മരണത്തിന് മുൻപ് ഈ നിയോജകമണ്ഡലം രാജീവിനുതന്നെ വെല്ലുവിളിയാകുമെന്നും മൽസരം കടുത്തതാകും എന്നും വിജയസാധ്യത കണ്ടറിയേണ്ടതാണെന്നും ചിലർ പറഞ്ഞിരുന്നു. എന്നാലിപ്പോൾ അക്കാര്യങ്ങളൊന്നും ആരുംപറയുന്നില്ല. ഇന്ദിരാഗാന്ധിയുടെ വധം മേനകയുടെസ്വാധീനത്തെ സാരമായിബാധിച്ചിട്ടുണ്ട്. 'പുറംതള്ളപ്പെട്ട ഒരു പെൺട്ടി'യെന്നപേരിൽ മേനക സമ്മതിദായകരെ സമീപിക്കാൻ നോക്കിയിരുന്നു. ഇതിനിനി വലിയ പ്രസക്തിയില്ല. ഇന്ദിരാഗാന്ധിയുടെ രക്തസാക്ഷിത്വം അതൊക്കെ നിസ്സാരങ്ങളായി തള്ളിമാറിയിരിക്കുന്നു. ഇന്നാർക്കും മേനകയുടെ കഥകളിൽ താല്പര്യമില്ല.

അമേഠിയിൽ സ്ത്രീകളാണ് നല്ല ഒരുശതമാനം വോട്ടർമാർ എന്ന കാര്യം മേനക കണക്കിലെടുത്തിരുന്നു. അങ്ങിനെയാണ് തിരഞ്ഞെടുപ്പ് യന്ത്രം ആവിഷ്ക്കരിച്ചത്. എന്നാൽ പിന്നോക്കംനിൽക്കുന്ന ഈ ഫ്യൂഡൽസമൂഹത്തിൽ സ്ത്രീപുരുഷന്മാർ പറഞ്ഞതേ കേൾക്കൂ. പുരുഷന്മാർ പ്രധാനമന്ത്രിയുടെ കൂടെയാണ് പലരും അഭിമാനപൂർവ്വം പറയുന്നു, ''ഇത് പ്രധാനമന്ത്രിയുടെ നിയോജകമണ്ഡലമാണ്''. 'ഞങ്ങളാണ് പ്രധാനമന്ത്രിയെ തിരഞ്ഞെടുക്കുന്നതു്'' എന്നൊക്കെ.

രാജീവ് ഇനിയും എത്തിയില്ലെങ്കിലും പ്രതിയോഗി രംഗത്തു സജീവമായുണ്ട്. ദിവസത്തിൽ 20 മണിക്കൂറോളം പ്രചരണം നടത്തുന്നു. എന്നാൽ അടുത്ത ദിവസത്തിൽ പ്രചരണത്തിന്റെ സ്വരം മാറിയതു പലരും ശ്രദ്ധിക്കുന്നു. ആക്ഷേപസ്വരം പ്രകടമാക്കുന്നു. ദീനഭാവം കാണുന്നു. ''മേനക്ക് പരാജയഭീതി തുടങ്ങിയോ?'' ചിലർക്കു സംശയം. ഇപ്പോൾ മേനക രാജീവിനേയും കോൺഗ്രസ്സ് പ്രചരണതന്ത്രത്തേയും കുററപ്പെടുത്തുന്നതിലാണ് കൂടുതൽ ഊന്നുന്നത്.

സഞ്ജയ് ഗാന്ധിയും രാജീവും ഇവിടത്തെ ജനങ്ങളെ പ്രതിനിധാനം ചെയ്തു തുടങ്ങിയപ്പോഴാണ് അമേഠിക്കും നല്ല കാലം വന്നത് എന്നു എല്ലാവരും സമ്മതിക്കുന്നുണ്ട്. പുതിയ ഒരു റെയിൽവെ സ്റ്റേഷൻ, പുതിയ റോഡുകൾ, രണ്ടു പൊതുമേഖലാ സ്ഥാപനങ്ങൾ, മററു വ്യവസായ ശാലകൾ. ഈ പുരോഗതി ഇനിയും തുടരും. അമേഠിയിലെ ജനങ്ങൾ അവഗണിക്കപ്പെടുകയില്ല എന്നതോന്നൽ എല്ലാവർക്കും ഉണ്ട്. മേനക അതു ഖണ്ഡിക്കുന്നുണ്ട്. സഞ്ജയ് സ്മാരക ആശുപത്രി ഇതുവരെ ഉയർന്നില്ല എന്നവർ ആരോപിക്കുന്നു. എങ്കിലും പൊതുവെ നോക്കിയാൽ നടപ്പിലാക്കിയ കാര്യങ്ങളാണ് നടപ്പാക്കാത്ത ഉറപ്പുകളേക്കാൾ കൂടുതൽ.

രാജീവ് വന്നില്ലെങ്കിലും ഇവിടെ പ്രചരണം കൊണ്ടുപിടിച്ച നടക്കുന്നു. കോൺഗ്രസ്സ് പ്രവർത്തനത്തിന്റെ ശക്തിയും രാജീവിന്റെ പരോക്ഷമായ ശക്തിയായ സാന്നിദ്ധ്യവും ഇവിടെഇപ്പോഠംതന്നെപ്രകടമാണ്

സ്ഥാനാർത്ഥി കൊല്ലപ്പെട്ടു

മദിരാശി: വടക്കൻ മദിരാശി ലോക്സഭാ നിയോജകമണ്ഡലത്തിൽ ക്ഷേമരഹിതനായി മത്സരിക്കുന്ന തമിഴ്പതി ഡോക്ടർ സി.ജി. സേമൻ(41) ചൊവ്വാഴ്ച കാലത്തു കൊല്ലപ്പെട്ട നിലയിൽ കണ്ടതായി പൊലീസ് അറിയിച്ചു.

എഗ്മൂർ, പെരമ്പൂർ (സംവരണം) അസംബ്ലി മണ്ഡലങ്ങളിൽ നിന്നുകൂടി നാമനിർദ്ദേശപത്രിക സമർപ്പിച്ചിട്ടുള്ള സേമന്നു എതിരെ ഒട്ടേറെ വഞ്ചനക്കേസുകൾ നഗരത്തിലെ ഒരു മജിസ്ട്രേട്ട് കോടതിയിൽ നിലവിലുണ്